# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3358      19/10/2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്ക്കരണത്തിന് ചിലവഴിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ അഞ്ച് വർഷം സാമൂഹ്യ വനവത്ക്കരണത്തിനായി ചിലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ ; | എ) കഴിഞ്ഞ അഞ്ച് വർഷം സാമൂഹ്യ വനവത്ക്കരണത്തിനായി ആകെ 52,96,35,319/- രൂപ ചെലവഴിച്ചു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2011-12 | 9,45,91,018 |
| 2 | 2012-13 | 10,95,12,917 |
| 3 | 2013-14 | 11,85,45,931 |
| 4 | 2014-15 | 12,45,71,019 |
| 5 | 2015-16 | 8,24,14,434 |

| | |
|---|---|
| ബി) ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷതൈകൾ എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | ബി) വിതരണം ചെയ്ത വൃക്ഷതൈകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | വർഷം | വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 70.72 |
| 2 | 2012-13 | 88.16 |
| 3 | 2013-14 | 83.83 |
| 4 | 2014-15 | 73.14 |
| 5 | 2015-16 | 72.76 |
| 6 | 2016-17 | 64.00 |

സി) ഈ പദ്ധതിയുടെ ഭാഗമായി വച്ചു പിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

സി) വിദ്യാഭ്യാസ വകുപ്പും, വനം വകുപ്പും ചേർന്ന് നടത്തുന്ന 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തൈകൾ നടുന്നതിനും, പരിപാലിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും എല്ലാ സ്കൂൾ / കോളേജ് തലത്തിലും ഒരു പ്രധാന അദ്ധ്യാപകൻ/ തെരഞ്ഞെടുത്ത അദ്ധ്യാപകൻ, വാർഡ് മെമ്പർ, തെരഞ്ഞെടുത്ത വിദ്യാർത്ഥി പ്രതിനിധി, വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു പി.ടി.എ. മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ തൈകളുടെ വളർച്ച, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നു. തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണം എന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന തൈകളെ സംബന്ധിച്ച്, പഞ്ചായത്ത് സെക്രട്ടറി ചെയർമാനും, കൃഷി ഓഫീസർ, ഫോറസ്റ്റർ, പഞ്ചായത്ത് മെമ്പർ, എൻ.ജി.ഒ. പ്രതിനിധികൾ എന്നിവർ മെമ്പർമാരുമായുള്ള കമ്മിറ്റിയാണ് മേൽപ്പറഞ്ഞ രീതിയിലുള്ള നട്ടു പിടിപ്പിച്ച തൈകളുടെ സംരക്ഷണ പ്രവർത്തികൾ നടത്തി വരുന്നുത്. സാമൂഹ്യവനവത്ക്കരണ വിഭാഗം റാൻഡം സാമ്പ്ളിംഗ് മുഖേന തൈകളുടെ അതിജീവന ശതമാനം കണക്കാക്കിവരുന്നു വൃക്ഷത്തൈനടീൽ വനം വകുപ്പ് വിജിലൻസ് ഉദ്യോഗസ്ഥർ വിലയിരുത്തിവരുന്നു

വഴിയോരത്തണൽ പദ്ധതി പ്രകാരം വനം വകുപ്പ് നട്ട തൈകൾ ട്രീ ഗാർഡ് വെച്ച് സംരക്ഷിക്കുകയും വേനൽക്കാലത്ത് വെള്ളം നനച്ച് പരിചരിക്കുകയും ചെയ്യുന്നു. സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്നതിനായി 17.02.2012-ലെ

ജി.ഒ. (ആർ.റ്റി) നമ്പർ 99/12/വനം, 29.09.2012 - ലെ ജി.ഒ. (ആർ.റ്റി) നമ്പർ 486/12/വനം എന്നീ ഉത്തരവുകൾ പ്രകാരം കർഷകർക്കായുള്ള ധനസഹായ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കർഷകർ അവരുടെ കൈവശമുള്ള സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനും അതുവഴി തടി ലഭ്യത വർദ്ധിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കുമായാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് വൃക്ഷത്തൈ ഒന്നിന് 50/- രൂപാവരെ പ്രോത്സാഹനധനസഹായം നൽകി വരുന്നു. ടി പ്രോത്സാഹന ധനസഹായത്തിന്റെ 50% ഒന്നാം വർഷവും ബാക്കിയുള്ള 50% മൂന്നാം വർഷന്ത്യത്തിലുമാണ് നൽകുന്നത്. വൃക്ഷവൽക്കരണത്തിന്റെ ആവശ്യകതയെപറ്റി കുട്ടികളിലും മുതിർന്നവരിലും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സാമൂഹ്യവനവൽക്കരണ വിഭാഗം വിവിധ ബോധവൽക്കരണ ക്ളാസുകൾ, ക്യാമ്പുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, റാലികൾ തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ഇതുവഴി കുട്ടികളിലും പൊതുജനങ്ങളിലും വനത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും അവബോധം സൃഷ്ടിക്കാനും നട്ട തൈകൾ സംരക്ഷിക്കാനും സഹായകമാവുന്നു.

| | |
|---|---|
| ഡി) ഇങ്ങനെയൊരു സംവിധാനമുണ്ടെങ്കിൽ സംരക്ഷിച്ച വൃക്ഷതൈകളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ ? | ഡി) കൃത്യമായ എണ്ണം ലഭ്യമല്ല. കഴിഞ്ഞവർഷത്തെ വകുപ്പ്തല റാന്റംസാമ്പിളിംഗ് സർവ്വെ പ്രകാരം 63% തൈകൾ വളർന്നുവരുന്നതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ